**പതിമൂന്നാം കേരള നിയമസഭ**

# ഹർജികൾ സംബന്ധിച്ച സമിതി
# (2014–2016)

**എട്ടാമത് റിപ്പോർട്ട്**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാദായകരമായ സ്കൂളുകളെ
സംബന്ധിച്ച്

(2014 ഡിസംബർ 9-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2014-2016)

## എട്ടാമത് റിപ്പോർട്ട്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാദായകരമായ സ്കൂളുകളെ
സംബന്ധിച്ച്

(2014 ഡിസംബർ 9-ാം തീയതി സമർപ്പിച്ചത്)

1483/2014.

# <u>ഉള്ളടക്കം</u>

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. തോമസ് ഉണ്ണിയാടൻ

**അംഗങ്ങൾ**

ശ്രീ. ഇ. ചന്ദ്രശേഖരൻ

,, കെ. കുഞ്ഞമ്മത് മാസ്റ്റർ

,, പി. എ. മാധവൻ

,, സി. കെ. നാണു

,, കെ. കെ. നാരായണൻ

,, ഷാഫി പറമ്പിൽ

,, കെ. എം. ഷാജി

,, പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികൾ ഇല്ലാതെയും എണ്ണത്തിൽ വളരെ കുറവു കുട്ടികൾ പഠിക്കുന്നതുമായ സ്കൂളുകൾ നിലനിർത്തുന്നതു സംബന്ധിച്ചും അത്തരം സ്കൂളിലെ കുട്ടികളുടെ തുടർവിദ്യാഭ്യാസം, അദ്ധ്യാപകരുടെ തൊഴിൽ സംരക്ഷണം എന്നിവ സംബന്ധിച്ചും സമിതിക്ക് ലഭിച്ച ഹർജിയെ അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവരുമായി നടത്തിയ ചർച്ചയിൽ ലഭിച്ച വിവരങ്ങളും ഗവൺമെന്റിൽനിന്നും ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2014 ഡിസംബർ 4-ാം തീയതി കൂടിയ യോഗം അംഗീകരിച്ചു.

തോമസ് ഉണ്ണിയാടൻ,

*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 9.

# റിപ്പോർട്ട്

ആധുനിക വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയിൽ നടപ്പാക്കുന്നതിന് വളരെ മുമ്പു തന്നെ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നതായി കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. തിരുവിതാംകൂറിൽ 1870-കളിലും കൊച്ചിയിൽ 1890-കളിലും മലബാറിൽ 1920-കളിലും നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു തുടങ്ങിയിരുന്നതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുടെ ഏറ്റവും മികച്ച നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സാക്ഷരതാ നിലവാരത്തിലുള്ള ഉയർച്ചയും പ്രൈമറി വിദ്യാലയങ്ങളിലെ വർദ്ധിച്ച പ്രവേശനത്തോതുമാണ്.

2. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതി സ്വാതന്ത്ര്യാനന്തരമുള്ള വികസനത്തിലൂടെ പെട്ടെന്നുണ്ടായ ഒന്നല്ല. മറിച്ച് നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറും കൊച്ചിയും ഭരിച്ചിരുന്ന കഴിവുറ്റ ഭരണകർത്താക്കളുടെ പ്രവർത്തനങ്ങളുടെ ഫലമായിരുന്നു. 1817-ൽ തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന റാണി ഗൗരി പാർവ്വതി ഭായി ഒരു ഔദ്യോഗിക വിളംബരം പുറപ്പെടുവിക്കുകയും വിദ്യാഭ്യാസം നാട്ടുരാജ്യത്തിന്റെ ഉത്തരവാദിത്വത്തിലുള്ള കാര്യമാണെന്ന് അംഗീകരിച്ച് നാട്ടുഭാഷാ വിദ്യാലയങ്ങൾ ഗവൺമെന്റ് ഉടമസ്ഥതയിൽ ആരംഭിക്കുവാൻ ശ്രമിക്കുകയും ചെയ്തു. കൂടാതെ, ധാരാളം മാനേജ്മെന്റ് വിദ്യാലയങ്ങൾക്ക് അനുമതി നൽകുവാനും അന്നത്തെ ഭരണകർത്താക്കൾ താൽപ്പര്യം കാട്ടിയിരുന്നു. വിദ്യാഭ്യാസ രംഗത്ത് ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ പ്രവർത്തനവും മാതൃകാപരമായിരുന്നു. ഇത്തരം പ്രവർത്തനങ്ങളാൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ തിരുവിതാംകൂറും കൊച്ചിയും വിദ്യാഭ്യാസ കാര്യത്തിൽ ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെക്കാളേറെ മുന്നിലായിരുന്നു. ഒരു ശതാബ്ദത്തിനുശേഷവും അതേ മുന്നേറ്റം വിദ്യാഭ്യാസ കാര്യത്തിൽ നിലനിർത്തിക്കൊണ്ടു പോകുവാൻ കേരളത്തിന് കഴിയുന്നു എന്നതാണ് കേരളത്തിന്റേതു മാത്രമായ പ്രത്യേകത.

3. കേരള സംസ്ഥാനം രൂപംകൊള്ളുന്നതുവരെ മലബാർ ഭാഗത്തെ സ്കൂളുകൾ മദ്രാസ് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസിന്റെ ഭരണത്തിൻ കീഴിലായിരുന്നു. മലബാറിലെ വിദ്യാഭ്യാസ പുരോഗതിക്ക് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ കാതലായ സംഭാവനകൾ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ഊന്നൽ നൽകുന്നതിനുള്ള സാമൂഹിക-രാഷ്ട്രീയ സമ്മർദ്ദം മലബാറിനേക്കാൾ കൂടുതലായിരുന്നു തിരുവിതാംകൂറിലും കൊച്ചിയിലും.

4. വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് കേരളത്തിന്റെ സാമൂഹിക ഘടനയുടെ പ്രത്യേകതയാണ്. സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന ഉന്നത സ്ഥാനവും സാമൂഹിക നവോത്ഥാന നായകരുടെ പ്രവർത്തനങ്ങളും ഇതിൽ പ്രധാന പങ്കുവഹിച്ചു. ഗ്രാമപ്രദേശങ്ങളിൽ ധാരാളം സ്കൂളുകൾ ആരംഭിച്ചത് കൂടുതൽ പേർക്ക് വിദ്യാഭ്യാസം എളുപ്പത്തിൽ ലഭിക്കുവാൻ സഹായകമായി. സന്നദ്ധ സംഘടനകളും സാമൂഹിക പരിഷ്കരണ സംഘങ്ങളും സ്കൂളുകൾ സ്ഥാപിച്ച് വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചത് കേരളത്തിന്റെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കാൻ സഹായകമായിത്തീർന്നു.

5. 1956-ൽ കേരള സംസ്ഥാനം രൂപംകൊണ്ടതോടെ വിദ്യാഭ്യാസത്തിൽ കാതലായ മാറ്റങ്ങൾ വന്നു. 1956-ലെ PL-2-5697/1956 നമ്പർ സർക്കാർ ഉത്തരവനുസരിച്ച് വിദ്യാഭ്യാസ സമ്പ്രദായം പുനഃസംഘടിപ്പിക്കപ്പെട്ടു. അഞ്ചു വയസ്സ് കഴിഞ്ഞാരംഭിക്കുന്ന സ്കൂൾ പഠനത്തിന്റെ കാലാവധി പന്ത്രണ്ട് വർഷമാക്കി മാറ്റുകയും ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേരള വിദ്യാഭ്യാസ നിയമം 1957-ൽ നിയമസഭ പാസ്സാക്കി. ഇതിന്റെ ഫലമായി സൗജന്യ പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അദ്ധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനും സ്വകാര്യ സ്കൂൾ മാനേജ്മെന്റുകളുടെ ചൂഷണവും ആധിപത്യവും ഒരു പരിധിവരെ അവസാനിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

6. നിലവിൽ സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസത്തിന് സർക്കാർ സ്കൂളുകൾ, സ്വകാര്യ എയ്ഡഡ് സ്കൂളുകൾ, അൺഎയ്ഡഡ് സ്കൂളുകൾ എന്നിങ്ങനെ ത്രിമാനതലമാണുള്ളത്. അൺഎയ്ഡഡ് മേഖലയിൽ തന്നെ സർക്കാരിന്റെ അംഗീകാരമുള്ളവയും ഇല്ലാത്തവയും ഉണ്ട്. സംസ്ഥാന സർക്കാർ സിലബസ്, സി.ബി.എസ്.ഇ. സിലബസ്, ഐ.സി.എസ്.ഇ. സിലബസ് എന്നിങ്ങനെ മൂന്നുതരം പാഠ്യപദ്ധതിയിലുള്ള സ്കൂളുകളാണ് ഇന്ന് സംസ്ഥാനത്തുള്ളത്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസ് പൂർണ്ണമായും ഇംഗ്ലീഷ് മാധ്യമത്തിലും സംസ്ഥാന സിലബസ് ഇംഗ്ലീഷ്/മലയാളം മാധ്യമങ്ങളിലുമായും അദ്ധ്യയനം നടന്നുവരുന്നു. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസുവരെയുള്ള സ്കൂളുകൾ, ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകൾ, അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകൾ, ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള സ്കൂളുകൾ, ഒന്ന് മുതൽ അഞ്ച് വരെയുള്ള സ്കൂളുകൾ, എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള സ്കൂളുകൾ എന്നിങ്ങനെ ആറ് തരം സ്കൂളുകളാണ് ഗവൺമെന്റ് /എയ്ഡഡ് മേഖലയിലുള്ളത്. സംസ്ഥാനത്ത് ഇന്ന് ഏകദേശം 12626 സ്കൂളുകളാണുള്ളത്. അതിൽ 4619 എണ്ണം സർക്കാർ മേഖലയിലും 7147-ൽപരം സ്വകാര്യ എയ്ഡഡ് മേഖലയിലുമാണുള്ളത്. കൂടാതെ 860-ഓളം അൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

7. കേരളത്തിൽ ഇന്ന് സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും എണ്ണം വർദ്ധിക്കാതിരിക്കുകയും എന്നാൽ അംഗീകാരമുള്ളതും ഇല്ലാത്തതുമായ അൺഎയ്ഡഡ് സ്കൂളുകളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നതായും കാണാവുന്നതാണ്. വർദ്ധിച്ചുവരുന്ന

സമാന്തര വിദ്യാഭ്യാസ സൗകര്യങ്ങളും കുറഞ്ഞുവരുന്ന ജനനനിരക്കും കാരണം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ആവശ്യത്തിന് കുട്ടികളെ കിട്ടാത്ത അവസ്ഥയാണുള്ളത്. ആവശ്യത്തിന് കുട്ടികളില്ലാതെ അനാദായകരമെന്ന വിശേഷണം പേറുന്ന സ്കൂളുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി കാണാം. ശരാശരി 15 കുട്ടികൾ ഇല്ലാതെ പ്രവർത്തിക്കുന്ന 3531 സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്. ഇവയിൽതന്നെ 10-ൽ താഴെ കുട്ടികൾ പഠിക്കുന്ന 191 സ്കൂളുകളുണ്ട്. ഒരു കുട്ടിപോലും പഠിക്കാനില്ലാത്ത 2 സ്കൂളുകളുള്ളതായും കണക്കുകൾ സൂചിപ്പിക്കുന്നു.

8. അനാദായകരമായ സ്കൂളുകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത, അതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യത, പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ തുടർവിദ്യാഭ്യാസം, അദ്ധ്യാപകരുടെ ജോലി സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് അഡ്വ. ആനന്ദ് സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തും ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ സമിതി തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിന്മേൽ കൂടുതൽ വിവരങ്ങൾ ആരായുന്നതിനായി 24-9-2014-ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ, സമിതിയുടെ കണ്ടെത്തലുകളും നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

9. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഒരു കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിലേക്കും 3 കിലോമീറ്റർ ചുറ്റളവിൽ ആറ് മുതൽ എട്ട് വരെ ക്ലാസുകളിലേക്കും പഠന സൗകര്യം ഒരുക്കേണ്ടതുണ്ട്. അൺഇക്കണോമിക്ക് സ്കൂൾ എന്ന പദം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലൊന്നും ചേർത്തു കാണുന്നില്ല. 22-7-1992 ലെ ജി.ഒ.(ആർറ്റി.) നമ്പർ 2708/92/പൊ.വി. ഉത്തരവിലാണ് അൺഇക്കണോമിക് സ്കൂൾ എന്ന പദത്തിന് നിർവ്വചനം നൽകിയതായി കാണാൻ കഴിയുന്നത്. "The school where the average effective strength per standard is less than 25 have come to be known as uneconomic school" എന്നാണ് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. കെ.ഇ.ആർ. അദ്ധ്യായം V-ൽ 22-A ചട്ടത്തിന്റെ ഒന്നാം ഉപചട്ടം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ചേർക്കുമ്പോൾ 30 കുട്ടികൾ ഉണ്ടായിരിക്കണം എന്നതാണ് വ്യവസ്ഥ. 5-6-1971-ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ എണ്ണം 25 ആക്കി കുറച്ചു. ഇപ്പോഴും നിലനിൽക്കുന്ന പ്രസ്തുത വ്യവസ്ഥ പ്രകാരം ഓരോ ക്ലാസിലും ശരാശരി 25 കുട്ടികൾ ഉണ്ടായിരിക്കണം. നിലനിൽക്കാൻ അവശ്യംവേണ്ട ശരാശരി 25 കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളാണ് പിന്നീട് അൺഇക്കണോമിക് സ്കൂളുകൾ എന്ന് അറിയപ്പെട്ടത്. കെ.ഇ.ആർ. പ്രകാരം ഒരു സ്കൂൾ ആദായകരമായ സ്കൂൾ എന്ന് നിർവ്വചിക്കാൻ ഒരു സ്റ്റാൻഡേർഡിൽ ശരാശരി 25 കുട്ടികളും പിന്നീട് സർക്കാർ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി ചുരുക്കിയ എണ്ണം

പ്രകാരം ഒരു സ്റ്റാൻഡേർഡിൽ 15 കുട്ടികളും എന്നുള്ളതാണ് ഇവ പ്രകാരം ഒരു സ്കൂളിൽ ഉണ്ടാകേണ്ട മിനിമം കുട്ടികൾ:

| സ്കൂൾ വിഭാഗം | 25 കുട്ടികൾ എന്ന നിലയിൽ | 15 കുട്ടികൾ എന്ന നിലയിൽ |
|---|---|---|
| I to IV | 100 | 60 |
| I to VIII | 175 | 90 |
| I to X | 250 | 150 |
| V to VII | 75 | 45 |
| V to X | 150 | 90 |
| VIII to X | 75 | 45 |

25 കുട്ടികൾ എന്ന കണക്ക് പ്രകാരം കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ താഴെപ്പറയും പ്രകാരമാണ് അൺഇക്കണോമിക് സ്കൂളുകളുടെ വിശദാംശം:

| Year | No. of Schools | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | GOVERNMENT | | | | AIDED | | | | TOTAL | | | |
| | LPS | UPS | HS | Total | LPS | UPS | HS | Total | LPS | UPS | HS | Total |
| 2004-05 | 1038 | 252 | 85 | 1375 | 1127 | 266 | 23 | 1416 | 2165 | 518 | 108 | 2791 |
| 2005-06 | 1097 | 272 | 88 | 1457 | 1238 | 193 | 31 | 1462 | 2335 | 465 | 119 | 2919 |
| 2006-07 | 1194 | 278 | 99 | 1571 | 1381 | 218 | 28 | 1627 | 2575 | 496 | 127 | 3198 |
| 2007-08 | 1310 | 299 | 111 | 1720 | 1451 | 216 | 27 | 1694 | 2761 | 515 | 138 | 3414 |
| 2008-09 | 1408 | 314 | 117 | 1839 | 1580 | 217 | 25 | 1822 | 2988 | 531 | 142 | 3661 |
| 2009-10 | 1501 | 351 | 122 | 1974 | 1708 | 244 | 36 | 1988 | 3209 | 595 | 158 | 3962 |
| 2010-11 | 1634 | 365 | 148 | 2147 | 1825 | 271 | 37 | 2133 | 3459 | 636 | 185 | 4280 |
| 2011-12 | 1719 | 394 | 158 | 2271 | 1982 | 313 | 48 | 2343 | 3701 | 707 | 206 | 4614 |
| 2012-13 | 1834 | 427 | 152 | 2413 | 2241 | 430 | 53 | 2724 | 4075 | 857 | 205 | 5137 |
| 2013-14 | 1860 | 435 | 206 | 2501 | 2284 | 461 | 78 | 2823 | 4144 | 896 | 284 | 5324 |

2014-15 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ താഴെപ്പറയും പ്രകാരം ഈ ഗണത്തിൽപ്പെടുന്ന അൺഇക്കണോമിക് സ്കൂളുകളുടെ വിശദാംശങ്ങൾ:

| Rev. Dist | No. of Uneconomic Schools | | Total | No. of Pupils | | | No. of Teachers | | |
|---|---|---|---|---|---|---|---|---|---|
| | Govt. | Aided | | Govt. | Aided | Total | Govt. | Aided | Total |
| TRIVANDRUM | 254 | 122 | 376 | 14345 | 6423 | 20768 | 1724 | 600 | 2324 |
| KOLLAM | 227 | 135 | 362 | 12838 | 8206 | 21044 | 1380 | 772 | 2152 |
| PATHANAM-THITTA | 191 | 273 | 464 | 8202 | 8903 | 17105 | 1340 | 1323 | 2663 |
| ALAPPUZHA | 215 | 176 | 391 | 11041 | 7797 | 18838 | 1476 | 918 | 2394 |
| IDUKKI | 137 | 113 | 250 | 8923 | 7017 | 15940 | 1081 | 712 | 1793 |
| KOTTAYAM | 235 | 280 | 515 | 11279 | 14939 | 26218 | 1650 | 1588 | 3238 |
| ERNAKULAM | 250 | 205 | 455 | 13637 | 10070 | 23707 | 1875 | 1143 | 3018 |
| THRISSUR | 135 | 273 | 408 | 8322 | 15098 | 23420 | 993 | 1575 | 2568 |
| PALAKKAD | 144 | 209 | 353 | 8144 | 13386 | 21530 | 841 | 1090 | 1931 |
| MALAPPURAM | 117 | 120 | 237 | 8033 | 8657 | 16750 | 646 | 642 | 1288 |
| KOZHIKODE | 149 | 388 | 537 | 7912 | 24412 | 32324 | 899 | 2191 | 3090 |
| WAYANAD | 72 | 19 | 91 | 4448 | 1313 | 5761 | 408 | 102 | 510 |
| KANNUR | 144 | 426 | 570 | 9493 | 24580 | 34073 | 958 | 2601 | 3559 |
| KASARAGOD | 157 | 86 | 243 | 10013 | 6265 | 16278 | 950 | 503 | 1453 |
| TOTAL | 2427 | 2825 | 5252 | 136630 | 157066 | 293756 | 16221 | 15760 | 31981 |

| Category of School | No. of Schools | | Total |
|---|---|---|---|
| | Govt. | Aided | |
| No. of school with std. 1 to 4 below 100 pupils | 1777 | 2147 | 3924 |
| No. of school with std. 1 to 7 below 175 pupils | 469 | 404 | 873 |
| No. of school with std. 5 to 7 below 75 pupils | 26 | 179 | 205 |
| No. of school with std. 5 to 10 below 150 pupils | 41 | 42 | 83 |
| No. of school with std. 1 to 10 below 250 pupils | 88 | 42 | 130 |
| No. of school with std. 8 to 10 below 75 pupils | 26 | 11 | 37 |
| Total | 2427 | 2825 | 5252 |

10. എന്നാൽ 6-11-2011-ലെ സർക്കുലർ നമ്പർ 58604/ജെ2/12/പൊ.വി. പ്രകാരം അനാദായകരമായ സ്കൂളുകളിൽ മിനിമം അദ്ധ്യാപകരെ ഉറപ്പു വരുത്തുന്നതിന് ഒരു സ്റ്റാൻഡേർഡിൽ ശരാശരി 15 കുട്ടികൾ ഉണ്ടായിരുന്നാൽ മതിയെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

11. ഇതുപ്രകാരം ഒരു സ്റ്റാൻഡേർഡിൽ 15 കുട്ടികൾ എന്ന നിരക്കിൽ ഉള്ള വിവരങ്ങൾ ശേഖരിച്ചതിൽ സംസ്ഥാനത്താകെയായി 3531 വിദ്യാലയങ്ങൾ അനാദായകരമായി പ്രവർത്തിക്കുന്നവയാണ് എന്നു കാണുന്നു. ഈ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു:

| Category of School | No. of Schools | No. of pupils | No. of Staff |
|---|---|---|---|
| No. of Schools with Std. 1 to 4 below 60 pupils | 2769 | 89395 | 12580 |
| No. of Schools with Std. 1 to 7 below 105 pupils | 517 | 32467 | 5030 |
| No. of Schools with Std. 5 to 7 below 45 pupils | 123 | 3572 | 680 |
| No. of Schools with Std. 5 to 10 below 90 pupils | 27 | 1546 | 359 |
| No. of Schools with Std. 1 to 10 below 150 pupils | 82 | 8075 | 1306 |
| No. of Schools with Std. 8 to 10 below 45 pupils | 13 | 426 | 86 |
| Total | 3531 | 135481 | 20041 |

**Abstract**

| | Total No. of Schools | | Total No. of Staffs in Govt. Schools | | Total No. of Staffs in Aided Schools | |
|---|---|---|---|---|---|---|
| | Govt. | Aided | No. of teaching staff | No. of non-teaching staff | No. of teaching staff | No. of non-teaching staff |
| No. of Schools with Std. 1 to 4 below 60 pupils | 1310 | 1459 | 6524 | 96 | 5960 | Nil |
| No. of Schools with Std. 1 to 7 below 105 pupils | 312 | 205 | 3003 | 49 | 1967 | 11 |
| No. of Schools with Std. 5 to 7 below 45 pupils | 14 | 109 | 77 | Nil | 603 | Nil |
| No. of Schools with Std. 5 to 10 below 90 pupils | 20 | 7 | 271 | Nil | 88 | Nil |
| No. of Schools with Std. 1 to 10 below 150 pupils | 49 | 33 | 764 | Nil | 542 | Nil |
| No. of Schools with Std. 8 to 10 below 45 pupils | 10 | 3 | 56 | Nil | 30 | Nil |
| | 1715 | 1816 | 10695 | 145 | 9190 | 11 |
| Total | 3531 | | | | | |

12. ഈ 3531 സ്കൂളുകളിൽ എല്ലാ സ്റ്റാൻഡേർഡുകളിലുമായി ആകെ 10-ൽ താഴെ കുട്ടികൾ പഠിക്കുന്ന 191 വിദ്യാലയങ്ങളാണ് ഉള്ളത്. ഈ 191 വിദ്യാലയങ്ങളിലായി ആകെ 1366 കുട്ടികളും 695 അദ്ധ്യാപകരും ഉണ്ട്. ഇതിൽ 69 എണ്ണം ഗവൺമെന്റ് സ്കൂളുകളും
122 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. 505 കുട്ടികൾ ഗവൺമെന്റ് സ്കൂളുകളിലും 861 കുട്ടികൾ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്നു. 301 അദ്ധ്യാപകർ ഗവൺമെന്റ് സ്കൂളുകളിലും 394 പേർ എയ്ഡഡ് സ്കൂളുകളിലും ജോലി ചെയ്യുന്നു. അതായത് 2 കുട്ടികൾക്ക് ഒരു സ്റ്റാഫ് എന്ന വിധത്തിൽ. ഇതിൽ 2 സ്കൂളുകൾ ഒരു കുട്ടിപോലും പഠിക്കാനില്ലാതെയും 5 സ്കൂളുകൾ ഒരു കുട്ടി

വീതം പഠിക്കുന്നതുമാണ്. സി.എം.എസ്. യു.പി.എസ്. അതിരങ്കൽ (എയ്ഡഡ്) ഗവൺമെന്റ് എൽ.പി.എസ്. വട്ടർക്കയം (ഗവ.) എന്നിവയാണ് ഒരു കുട്ടി പോലും പഠിക്കാനില്ലാതെ പ്രവർത്തിക്കുന്നത്. ഈ സാഹചര്യം സർക്കാരിന് വളരെയധികം ബാധ്യത സൃഷ്ടിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

13. ആകെ 69 സർക്കാർ വിദ്യാലയങ്ങളും 122 എയ്ഡഡ് വിദ്യാലയങ്ങളും പത്ത് കുട്ടികളും അതിൽ താഴെയും കുട്ടികൾ പഠിക്കുന്നവയായി നിലവിലുണ്ട്. എൽ.പി. വിഭാഗത്തിൽ 65 എണ്ണം സർക്കാർ മേഖലയിലും 116 എണ്ണം എയ്ഡഡ് മേഖലയിലും യു.പി. വിഭാഗത്തിൽ 2 എണ്ണം സർക്കാർ മേഖലയിലും 6 എണ്ണം എയ്ഡഡ് മേഖലയിലും എച്ച്. എസ്. വിഭാഗത്തിൽ 2 എണ്ണം സർക്കാർ മേഖലയിലുമാണ്.

14. കഴിഞ്ഞ കുറേ വർഷങ്ങളായി ജനസംഖ്യാ വർദ്ധനവ് കുറഞ്ഞു വരികയും ഏകദേശം പൂജ്യം ശതമാനമായി മാറുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 7 ശതമാനത്തിൽ താഴെ മാത്രം കുട്ടികളാണ് അൺഎയ്ഡഡ് സ്കൂളുകളിൽ പോകുന്നതെന്നും ബാക്കി 93 ശതമാനം കുട്ടികളും പഠിക്കുന്നത് ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ ആണെന്നും സമിതി മനസ്സിലാക്കുന്നു. സ്കൂളുകളുടെ എണ്ണം വളരെ കൂടുതലായിരിക്കുകയും എല്ലാ പ്രദേശത്തും സ്കൂളുകൾ ഉണ്ടായിരിക്കുകയും അവിടെ ഓരോ വർഷവും പുതിയതായി എൻറോൾ ചെയ്യുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതിനാലുമാണ് അനാദായകരമെന്ന സാഹചര്യമുണ്ടാകുന്നത്. കേരളത്തിൽ എയ്ഡഡ് മേഖലയിൽ 62 ശതമാനം സ്കൂളുകൾ ഉള്ളതാണ് ഇതിൽ ഒരു പ്രധാന പ്രശ്നം. എയ്ഡഡ് മേഖലയിലുള്ളതിൽ 60 ശതമാനം സ്കൂളുകളും സിംഗിൾ മാനേജ്മെന്റ് നടത്തുന്ന സ്കൂളുകളാണ്. മൊത്തം കുട്ടികളുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും കുറയ്ക്കുകയോ കൂട്ടുകയോ ചെയ്താൽ സിംഗിൾ മാനേജർമാരുടെ കീഴിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരെയും അനദ്ധ്യാപകരെയും എങ്ങനെ സംരക്ഷിക്കും എന്നത് ഒരു പ്രധാന പ്രശ്നമാണ്. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഏതെങ്കിലും സ്കൂളിൽ കുട്ടികൾ കുറഞ്ഞു കഴിഞ്ഞാൽ മറ്റു സ്കൂളുകളിലേക്ക് അദ്ധ്യാപകരെ മാറ്റി ഇന്റർ സ്കൂൾ അഡ്ജസ്റ്റ്മെന്റ് നടത്തുന്ന സമ്പ്രദായം ഉള്ളതുകൊണ്ട് വലിയ പ്രശ്നം വരുന്നില്ല. സിംഗിൾ മാനേജ്മെന്റ് നടത്തുന്ന എയ്ഡഡ് സ്കൂളുകളുടെ എണ്ണം കൂടുതലായതുകൊണ്ടാണ് കേരളത്തിൽ ഇതൊരു ഗൗരവമേറിയ പ്രശ്നമായി മാറുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു മാനേജരുടെ സ്കൂളിൽ ഒരു വർഷം കുട്ടികളുടെ എണ്ണം പെട്ടെന്ന് കുറഞ്ഞു കഴിഞ്ഞാൽ അവിടെ നിയമിച്ച അദ്ധ്യാപകരെ പ്രൊട്ടക്ട് ചെയ്യുന്ന സംവിധാനം വർഷങ്ങളായി ഗവൺമെന്റ് തുടർന്നു വരുന്നു. അപ്രകാരം സംരക്ഷണം നൽകി വരുന്നത് ഗവൺമെന്റിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അനാദായകരമായ എല്ലാ സ്കൂളുകളും അടച്ചു പൂട്ടണമെന്ന് സമിതിക്ക് അഭിപ്രായമില്ലെങ്കിലും നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത് അടച്ചുപൂട്ടേണ്ടതായ കുറേ സ്കൂളുകൾ ഉണ്ടെന്നുള്ളതാണ്. 11000 ത്തോളം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുള്ള സംസ്ഥാനത്ത് അദ്ധ്യാപക നിയമനത്തിന് വേണ്ടത്ര ഗൗരവം നൽകണമെന്നും ഇതിനൊരു പരിഹാരം കാണാതെ പുതിയ സ്കൂളുകൾ അനുവദിക്കേണ്ട ആവശ്യമില്ലെന്നും വിലയിരുത്തുന്ന സമിതി ഭൂമിശാസ്ത്രപരമായ പഠനം നടത്തി ജനസംഖ്യാനുപാതികമായി ആവശ്യമുള്ള പ്രദേശങ്ങളിൽ മാത്രം സ്കൂളുകൾ

അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

15. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നല്ല വീക്ഷണത്തോടു കൂടി സ്വകാര്യ സിംഗിൾ മാനേജ്മെന്റുകൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ നിഷേധിക്കുവാൻ കഴിയുന്നതല്ല. സിംഗിൾ മാനേജ്മെന്റുകൾ സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധം സ്കൂളുകൾ സ്ഥാപിക്കുകയും അദ്ധ്യാപക നിയമനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ കാലക്രമേണ ചില മേഖലകളിലെങ്കിലും അത് ദുരുപയോഗം ചെയ്യുകയും സർക്കാരിന് അധിക ബാധ്യത വരുത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളതാണ് ഇപ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ ഒരു പ്രൈവറ്റ് സ്കൂൾ നിർത്തലാക്കുമ്പോൾ ആ സ്കൂളിലെ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് സ്കൂളുകളിലേക്ക് മാറ്റുന്നു. എന്നാൽ ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരെ പ്രൈവറ്റ് സ്കൂളുകളിലേക്ക് മാറ്റുവാൻ സാധിക്കുകയുമില്ല. ഇപ്രകാരം പുനർവിന്യാസം നടത്തുമ്പോൾ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകൾ ഇല്ലാതാകുന്നു. ഈ സ്ഥിതിയ്ക്ക് മാറ്റം വന്നേ മതിയാകൂ. ഇതിനായി സർക്കാർ നൽകിവരുന്ന സൗകര്യങ്ങളായ സൗജന്യ പാഠപുസ്തകം, ഉച്ചഭക്ഷണം, യാത്രാസൗകര്യം തുടങ്ങിയവ പ്രയോജനപ്പെടുത്തിയും സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും പരമാവധി കുട്ടികളെ ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. 2010-11 വരെയുള്ള വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടീച്ചർ പോസ്റ്റ് സാങ്ഷൻ ചെയ്യുന്നതിനു വേണ്ടി സ്റ്റാഫ് ഫിക്സേഷൻ പ്രോസസ് നടത്തുമായിരുന്നു. ജൂൺ 6-ന് ഓരോ വിദ്യാലയങ്ങളിലുമുള്ള കുട്ടികളുടെ എണ്ണം റിപ്പോർട്ട് ചെയ്യുകയും ആ കണക്ക് തുടർ പരിശോധന നടത്തുകയും ചെയ്ത് ഓരോ സ്കൂളുകളിലേയ്ക്കും ആവശ്യമായ അദ്ധ്യാപകരുടെ എണ്ണം കേരള വിദ്യാഭ്യാസ ചട്ട പ്രകാരം നിശ്ചയിക്കുന്ന ഒരു സമ്പ്രദായമാണ് ഉണ്ടായിരുന്നത്. 2010-11 വരെ ഏകദേശം പതിനായിരത്തോളം അദ്ധ്യാപകരെ മാനേജർമാർ നിയമിച്ചിട്ടുണ്ട്. പത്തും പതിനഞ്ചും വർഷങ്ങളായി വിദ്യാലയങ്ങളിൽ ജോലി ചെയ്തിട്ടും ജീവനക്കാർക്ക് ശമ്പളം കിട്ടുന്നില്ലെന്ന ഒരു സാഹചര്യം ഉണ്ടായിരുന്ന അവസ്ഥയിലാണ് വളരെ ശാസ്ത്രീയമായ ഒരു സമ്പ്രദായം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനമെടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും യുണിക് ഐ.ഡി. (ആധാർ) നിർബന്ധമാക്കുകയും ആധാർ പ്രകാരം കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കി റിപ്പോർട്ട് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ.-ലെ ചട്ടങ്ങൾ പ്രകാരം അദ്ധ്യാപക തസ്തിക നിർണ്ണയിക്കുകയും ചെയ്യുക എന്ന നിയമം കൊണ്ടുവന്നു. ഈ വർഷമാണ് ആദ്യമായി യു.ഐ.ഡി. അടിസ്ഥാനത്തിലുള്ള സ്റ്റാഫ് ഫിക്സേഷൻ നടത്തിയത് എന്നീ കാര്യങ്ങൾ ഉദ്യോഗസ്ഥരിൽ നിന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. വിദ്യാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്ന യു.ഐ.ഡി. പദ്ധതിയിൽ ചില മാനേജ്മെന്റുകൾ കൃത്രിമം കാട്ടിയതായി സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്നും പ്രസ്തുത മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി

ശിപാർശ ചെയ്യുന്നു.

17. കഴിഞ്ഞ 10 വർഷത്തെ കണക്കെടുക്കുമ്പോൾ അനാദായകരമായ സ്കൂളുകൾ വർദ്ധിച്ചു വരുന്ന സാഹചര്യമാണ് കാണുന്നത്. ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പരമാവധി കുട്ടികളെ ആകർഷിച്ച് അനാദായകരമായ സാഹചര്യം മാറ്റിയെടുക്കാൻ കഴിയുന്ന ഏകദേശം ആയിരത്തോളം സ്കൂളുകൾ കണ്ടെത്തി അടുത്ത അദ്ധ്യയന വർഷമാകുമ്പോഴേക്കും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം 'ഫോക്കസ് 'എന്ന പേരിൽ എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ടെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. ആദിവാസി മേഖലകളിലും തീരദേശ മേഖലകളിലും ഗതാഗത സൗകര്യങ്ങൾ കുറവുള്ള ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിലും പത്തോ പതിനഞ്ചോ കുടുംബങ്ങൾ മാത്രമായിരിക്കും താമസിക്കുന്നത്. അവിടെ കുട്ടികളുടെ എണ്ണം മാത്രം മാനദണ്ഡമായെടുക്കാൻ കഴിയുകയില്ലെന്നതിനാൽ കുട്ടികൾ കുറവാണെങ്കിലും ആ പ്രദേശങ്ങളിൽ സ്കൂളുകൾ നിലനിർത്തേണ്ടിവരും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

18. പ്രൈമറി സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് താരതമ്യേന കുറച്ചു കൊണ്ടുവരാൻ കേരളത്തിന് കഴിഞ്ഞത് പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങളുടെ ലഭ്യതമൂലമാണെന്ന് കാണാവുന്നതാണ്. സാർവ്വത്രികമായ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്ക് അത്യന്താപേക്ഷിതമായ പ്രീ സ്കൂൾ വിദ്യാഭ്യാസം ഇന്ന് കൂടുതൽ പ്രചാരം നേടിയിരിക്കുന്നു. എന്നാൽ, വളരെ മെച്ചപ്പെട്ട രീതിയിൽ പ്രീ സ്കൂൾ വിദ്യാഭ്യാസം നടപ്പിൽ വരുത്തുവാൻ കേരളത്തിന് കഴിയുന്നില്ല എന്നത് ഒരു പോരായ്മയാണ്. ഏകീകൃതമായ ഒരു പഠന സംവിധാനമോ പദ്ധതിയോ കൂടാതെയാണ് പ്രീ സ്കൂളുകൾ പ്രവർത്തിക്കുന്നത്. അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്ക് ഗവൺമെന്റ് സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂളുകൾ നടത്തിക്കൊണ്ടു പോകുന്നതിനായി ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം അപൂർവ്വവും, എയ്ഡഡ് മേഖലയിൽ ദുർബലവുമാണ്. അൺഎയ്ഡഡ് മേഖല ഇത്ര ശക്തമാകാൻ കാരണം പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് നൽകിയ പ്രാധാന്യമാണെന്ന് സമിതി കരുതുന്നു. മൂന്നു വയസ്സുള്ള കുട്ടിയെ എൽ.കെ.ജി.യിൽ ചേർക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ കൂടുതൽ ആശ്രയിക്കുന്നത് അൺഎയ്ഡഡ് സ്കൂളുകളെയാണ്. അതിനാൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സർക്കാർ തലത്തിൽ പ്രായോഗികവൽക്കരിച്ചാൽ സർക്കാർ സ്കൂളുകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാനാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഗവൺമെന്റ് സ്കൂളുകളിലും ഗവൺമെന്റ് ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളിലും ശാസ്ത്രീയ സംവിധാനത്തോടു കൂടി പ്രീ സ്കൂളുകൾ ആരംഭിക്കണമെന്നും അതിൽ തന്നെ, പിന്നാക്ക പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും കൂടുതൽ പ്രീ-പ്രൈമറി സ്കൂളുകൾ സ്ഥാപിക്കണമെന്നും പ്രീ-പ്രൈമറി തലം മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ സമീപത്തായി നല്ല ഭൗതിക സാഹചര്യങ്ങളോടുകൂടി അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തന

മാരംഭിക്കുന്നത് കുട്ടികളെ അവിടേയ്ക്ക് ആകർഷിക്കുന്നതിന് ഇടയാക്കുന്നു. ഇന്ന് പല ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലും ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ഉണ്ടെന്നുള്ള കാര്യം മിക്ക രക്ഷാകർത്താക്കളും അറിയുന്നില്ലെന്ന് മനസ്സിലാക്കുന്ന സമിതി അക്കാര്യത്തിൽ ഒരു ബോധവൽക്കരണം നടത്തണമെന്ന് ശിപാർശ ചെയ്യുന്നു.

20. കൂടാതെ, നന്നായി പ്രവർത്തിക്കുന്ന ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളുടെ സമീപത്ത് അൺഎയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി. നൽകരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. സ്കൂളുകൾ ആദായകരമാണെങ്കിലും അല്ലെങ്കിലും ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ സ്കൂളുകൾ നിലനിർത്തേണ്ടതാണ്. അനാദായകരമെന്ന ഗണത്തിൽപ്പെട്ട സ്കൂളുകളുടെ 2004 മുതലുള്ള കണക്കുകൾ പരിശോധിച്ചതിൽ ഓരോ വർഷവും അത്തരം സ്കൂളുകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സമിതി കണ്ടെത്തി. വർഷം തോറുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്കും അനാദായകരമായ സ്കൂളുകളുടെ എണ്ണത്തിലെ വർദ്ധനയും ആശങ്കാജനകമാണെന്ന് വിലയിരുത്തിയ സമിതി സ്കൂളുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം കണക്കാക്കി 10-ൽ താഴെ മാത്രം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ കുട്ടികളെ തൊട്ടടുത്ത സ്കൂളുകളിലേക്ക് മാറ്റിയും അദ്ധ്യാപകരെ പുനർവിന്യസിച്ചും അത്തരം അനാദായകരമായ സ്കൂളുകൾ നിർത്തലാക്കുന്നതിനെകുറിച്ച് ഗൗരവമായി പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

തോമസ് ഉണ്ണിയാടൻ,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 9.